പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 273

# 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 273

# 2025 -ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ

909/2025.

# 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ

2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്റ്റ് (2021-ലെ 10) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 11-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 11-ാം വകുപ്പിൽ,—

(1) (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) സർക്കാർ, വിജ്ഞാപന പ്രകാരം രൂപീകരിക്കുന്നതും താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതുമായ സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ, ചാൻസലർ, വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്, അതായത്:—

(എ) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഇലക്ട്രോണിക്സും വിവര സാങ്കേതികവിദ്യയും രംഗത്തുനിന്നുള്ള വിദ്യാഭ്യാസ വിചക്ഷണനായ ഒരു അംഗം - കൺവീനർ;

(ബി) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരു അംഗം;

(സി) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഇലക്ട്രോണിക്സും വിവര സാങ്കേതികവിദ്യയും രംഗത്തുനിന്നുള്ള വിദ്യാഭ്യാസ വിചക്ഷണനായ ഒരു അംഗം;

(ഡി) ബോർഡ് ഓഫ് ഗവർണേഴ്സ് സെലക്ട് ചെയ്യുന്ന പഠന ഗവേഷണ രംഗത്തു നിന്നുള്ള ഒരു വിദഗ്ദ്ധ അംഗം;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഉന്നതവിദ്യാഭ്യാസ രംഗത്തുനിന്നുള്ള ഒരു അംഗം.

ഇപ്രകാരം നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ ആരും തന്നെ സർവ്വകലാശാലയുമായോ അതിലെ കോളേജുകളുമായോ യാതൊരു തരത്തിലും ബന്ധപ്പെട്ട ആളുകൾ ആയിരിക്കുവാൻ പാടുള്ളതല്ല.".

(2) (4)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) വൈസ്-ചാൻസലറുടെ ഒഴിവ് ഉണ്ടാകുന്നതിന് സാധ്യതയുള്ള തീയതിക്ക് കുറഞ്ഞത് മൂന്നുമാസം മുമ്പെങ്കിലും (3)-ാം ഉപവകുപ്പ് പ്രകാരമുള്ള സമിതി രൂപീകരിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും അപ്രകാരം രൂപീകരിക്കപ്പെടുന്ന സമിതി ആയത് രൂപീകരിച്ച തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ വൈസ്-ചാൻസലർ നിയമനത്തിനായി മൂന്ന് പേരുകൾ അടങ്ങുന്ന പാനൽ ഏകകണ്ഠമായോ കേവല ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിലോ തയ്യാറാക്കി ചാൻസലർക്ക് സമർപ്പിക്കേണ്ടതും അപ്രകാരം സമർപ്പിക്കപ്പെടുന്ന പാനലിൽ നിന്നും ഒരാളെ ചാൻസലർ വൈസ്-ചാൻസലറായി നിയമിക്കേണ്ടതുമാണ്.".

(3) (6)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(6) വൈസ്-ചാൻസലറുടെ ഔദ്യോഗിക കാലാവധി അദ്ദേഹത്തെ നിയമിക്കപ്പെടുന്ന തീയതി മുതൽ നാല് വർഷമോ അല്ലെങ്കിൽ അദ്ദേഹത്തിന് എഴുപത് വയസ്സ് പൂർത്തിയാകുന്ന തീയതി വരെയോ, ഏതാണോ ആദ്യം, അതുവരെയായിരിക്കുന്നതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്റ്റിലെ 11-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാന ചീഫ് സെക്രട്ടറി കൺവീനറായ സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ സർവ്വകലാശാലയിലെ വൈസ്-ചാൻസലറെ ചാൻസലർ നിയമിക്കേണ്ടതാണ്. ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യാ വ്യവസായ രംഗത്തുനിന്നുമുള്ള ഒരു വിദഗ്ദ്ധ അംഗം ആണ് കമ്മിറ്റിയിലെ മറ്റൊരംഗം. എന്നിരുന്നാലും (4)-ാം ഉപവകുപ്പ് പ്രകാരം ഏകകണ്ഠമായ ശിപാർശ ചെയ്യുവാൻ കമ്മിറ്റി പരാജയപ്പെടുന്ന സംഗതിയിൽ ഓരോ അംഗത്തിനും ഒരാളുടെ പേര് വീതം ചാൻസലർക്ക് സമർപ്പിക്കാവുന്നതാണ്. കൂടാതെ, നിയമിക്കപ്പെടുന്ന വ്യക്തിയുടെ വയസ്സ് അറുപത്തിയൊന്ന്

ആയിരിക്കുന്നതാണ്. ഈ വ്യവസ്ഥകൾ 2018-ലെ യു.ജി.സി. റെഗുലേഷൻസിന് വിരുദ്ധവും ഇത് പാനൽ തയ്യാറാക്കുന്നതിനും നിയമനത്തിനും ബുദ്ധിമുട്ട് സൃഷ്ടിക്കുകയും ചെയ്യുന്നു. എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി ഒരാളെ മാത്രം വൈസ് ചാൻസലറായി ശിപാർശ ചെയ്യുതും അദ്ദേഹത്തെ ചാൻസലർ നിയമിച്ചതുമായ വിഷയത്തിൽ പ്രസ്തുത നിയമനം, യു.ജി.സി. റെഗുലേഷനുകളുമായി ബന്ധപ്പെട്ട് ബഹു.സുപ്രീം കോടതിയുടെ മുൻ വിധിന്യായത്തിനും അനുസൃതമല്ല എന്ന് വിധി പ്രസ്താവിച്ചുകൊണ്ട് ബഹു.സുപ്രീം കോടതി 2022-ലെ സിവിൽ അപ്പീൽ നം.7634, 7635 എന്നിവ പ്രകാരം റദ്ദാക്കിയിട്ടുള്ളതാണ്. പ്രസ്തുത വിധിന്യായത്തിൽ സംസ്ഥാന നിയമങ്ങൾക്കുമേൽ യു.ജി.സി. റെഗുലേഷനുകളുടെ പ്രഭാവം കോടതി പരിശോധിക്കുകയും ശരിവയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതന വിദ്യ സർവ്വകലാശാലയിലെ വൈസ് -ചാൻസലർ തസ്തിക കുറെ മാസങ്ങളായി ഒഴിഞ്ഞു കിടക്കുന്നതും താല്ക്കാലികമായി നിയമിക്കപ്പെടുന്നവർ പ്രസ്തുത തസ്തിക വഹിക്കുന്നതുമാണ്. നിയമന പ്രക്രിയ ആരംഭിച്ചുവെങ്കിലും ആയത് ബഹു.സുപ്രീം കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ളതാണ്. നിലവിലെ വ്യവസ്ഥകൾ പ്രകാരം നിയമനം നടത്തുന്നത് യു.ജി.സി. റെഗുലേഷന് അനുസൃതമല്ലാത്തതിനാലും ബഹു.സുപ്രീംകോടതിയുടെ വിധിന്യായത്തിന് വിരുദ്ധമായതിനാലും ആയത് ചോദ്യം ചെയ്യപ്പെടുവാനുള്ള സാധ്യതയുണ്ട്. ആയതിനാൽ യു.ജി.സി. റെഗുലേഷൻസിന് അനുസൃതമായി ആക്റ്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കുവാൻ ഉദ്ദേശിക്കുന്ന 11-ാം വകുപ്പ് (3)-ാം ഉപവകുപ്പ്, ഗസറ്റ് വിജ്ഞാപനം വഴി സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

പിണറായി വിജയൻ

# 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (2021-ലെ 10)

**  **  **  **

11. <u>വൈസ്-ചാൻസലർ.</u>—(1)

**  **  **  **

(3) ചാൻസലർ നിയമിക്കുന്നതും താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതുമായ സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ അദ്ദേഹം വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്, അതായത്:—

(എ) സംസ്ഥാന ചീഫ് സെക്രട്ടറി, അദ്ദേഹം കമ്മിറ്റിയുടെ കൺവീനറായിരിക്കുന്നതാണ് ;

(ബി) ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വ്യവസായ രംഗത്തു നിന്നുള്ള ഒരു വിദഗ്ദ്ധ അംഗം;

(സി) ബോർഡ് ഓഫ് ഗവർണേഴ്സ് സെലക്ട് ചെയ്യുന്ന പഠന ഗവേഷണ രംഗത്തു നിന്നുള്ള ഒരു വിദഗ്ദ്ധ അംഗം;

(ഡി) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ; കൂടാതെ

(ഇ) സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ.

**  **  **  **

(4) വൈസ്-ചാൻസലറുടെ ഒഴിവ് ഉണ്ടാകുന്നതിന് സാധ്യതയുള്ള തീയതിയ്ക്ക് കുറഞ്ഞത് മൂന്ന് മാസം മുമ്പെങ്കിലും പാനൽ തയ്യാറാക്കുന്ന നടപടി തുടങ്ങിയിരിക്കേണ്ടതും ചാൻസലർ നിശ്ചയിച്ച സമയപരിധിയ്ക്കുള്ളിൽ പൂർത്തിയാക്കേണ്ടതുമാണ്. എന്നിരുന്നാലും, ചാൻസലർക്ക്, അനിവാര്യമായ സാഹചര്യങ്ങളിൽ അങ്ങനെ ചെയ്യുന്നത് ആവശ്യമാണെങ്കിൽ അപ്രകാരമുള്ള സമയപരിധി ദീർഘിപ്പിക്കാവുന്നതാണ്. എന്നിരുന്നാലും, അങ്ങനെ ദീർഘിപ്പിച്ച കാലയളവ് ഉൾപ്പെടെ മൂന്നു മാസത്തിനകം പാനൽ തയ്യാറാക്കുന്ന നടപടി പൂർത്തിയാക്കേണ്ടതാണ്. വ്യവസ്ഥ ചെയ്ത പ്രകാരം ഏകകണ്ഠമായ ശിപാർശ ചെയ്യുവാൻ സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി പരാജയപ്പെടുന്ന സംഗതിയിൽ, കമ്മിറ്റിയിലെ ഓരോ അംഗത്തിനും ഒരാളുടെ പേര് വീതം ചാൻസലർക്ക് സമർപ്പിക്കാവുന്നതാണ്. കമ്മിറ്റിയിലെ ഏതെങ്കിലും ഒരംഗം പേര് സമർപ്പിക്കാതിരിക്കുന്നത് വൈസ്-ചാൻസലറുടെ നിയമനം അസാധുവാക്കുന്നതല്ല.

**　　　　**　　　　**　　　　**

(6) അറുപത്തിയൊന്ന് വയസ്സിൽ കൂടുതൽ പ്രായമുള്ള യാതൊരാളെയും വൈസ്-ചാൻസലറായി നിയമിക്കാൻ പാടില്ലാത്തതും നിയമനത്തിനുശേഷം അദ്ദേഹത്തിന്റെ നിയമന നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അല്ലെങ്കിൽ അദ്ദേഹത്തിന് അറുപത്തിയഞ്ച് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഏതാണോ ആദ്യം, അതുവരെ ഉദ്യോഗം വഹിക്കേണ്ടതുമാണ്.

**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**ബുള്ളറ്റിൻ - ഭാഗം II**

**2025 സെപ്റ്റംബർ 24**

**നമ്പർ : 659**

**2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബില്ലിനുള്ള ശുദ്ധിപത്രം**

2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബില്ലിന് നിയമവകുപ്പിൽ നിന്നും ലഭിച്ച ശുദ്ധിപത്രം അംഗങ്ങളുടെ അറിവിലേക്കായി ചുവടെ ചേർക്കുന്നു:

ശുദ്ധിപത്രം

പതിനഞ്ചാം കേരള നിയമസഭയുടെ 273-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ച 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബില്ലിലെ 2-ാം ഖണ്ഡത്തിലെ "പ്രധാന ആക്റ്റിലെ" എന്ന വാക്കുകൾക്കുപകരം "2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകാലാശാല ആക്റ്റിലെ" എന്ന് തിരുത്തിവായിക്കേണ്ടതാണ്.

ഡോ. എൻ. കൃഷ്ണ കുമാർ,

സെക്രട്ടറി.